കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂലൈ 17

കാസർകോട് ചൊവ്വ

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## മന്ത്രിയുടെ അധ്യക്ഷതയിൽ പദ്ധതി നിർവഹണ

## പുരോഗതി അവലോകനം 23ന്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 പദ്ധതി നിർവഹണ പുരോഗതി അവലോകനം ചെയ്യുന്നതിനും 2017-18 വാർഷിക പദ്ധതി മികച്ച നേട്ടം കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുമോദിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി ജലീലിന്റെ അധ്യക്ഷതയിൽ യോഗം ചേരും. ഈ മാസം 23 ന് രാവിലെ 10ന് കാഞ്ഞങ്ങാട് മുനിസിപ്പൽ ടൗൺഹാളിലാണ് യോഗം.

## തിരുവോണം ബംബർ ടിക്കറ്റ് പ്രകാശനം ഇന്ന്

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ തിരുവോണം ബംബർ ടിക്കറ്റിന്റെ പ്രകാശനം ഇന്ന്(18)രാവിലെ 11 ന് ജില്ലാ കളക്ടറുടെ ചേംബറിൽ നടക്കും.

## പിഎസ്സി ഇ-ഓഫീസ് സംവിധാനം

## നാളെ ഉദ്ഘാടനം ചെയ്യും

കേരള പബ്ലിക് സർവീസ് കമ്മീഷൻ ഇ-ഓഫീസ്വൽക്കരണം ജില്ല, മേഖല ഓഫീസുകളിലേക്ക് വ്യാപിക്കുന്നതിന്റെ ഭാഗമായി കാസർകോട് ജില്ലാ ഓഫീസിൽ ഇ-ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം നാളെ(19) നടക്കും. രാവിലെ 11 ന് നടക്കുന്ന ചടങ്ങിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാൻ അഡ്വ.എം.കെ സക്കീർ ഉദ്ഘാടനം നിർവഹിക്കും.

## ജില്ലാ ആസൂത്രണ സമിതിയോഗം ഇന്ന്

ജില്ലാ ആസൂത്രണ സമിതിയോഗം ഇന്ന്(18) രാവിലെ 11ന് ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേരും.

## മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ് ഇന്ന്

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ് ഇന്ന് (18) രാവിലെ 10.30 മുതൽ കാസർകോട് ഗവ.ഗസ്റ്റ് ഹൗസിൽ നടക്കും.

(തുടരും)

# പിഎസ്‌സി ഇന്റർവ്യൂ ആഗസ്റ്റ് 1, 2, 3 തീയതികളിൽ

10.09.2014 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം വിദ്യാഭ്യാസ വകുപ്പിൽ യുപിഎസ്എ(മലയാളം മീഡിയം) തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ചവരും 17.12.2016-ൽ നടന്ന ഒ.എം.ആർ. പരീക്ഷയുടെ അടിസ്ഥാനത്തിൽ 01.02.2018-ൽ പ്രസിദ്ധീകരിച്ച ചുരുക്കപട്ടികയിൽ ഉൾപ്പെട്ടതും, സർട്ടിഫിക്കറ്റ് പരിശോധനയിൽ യോഗ്യത തെളിയിച്ചവരുമായ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും 2018 ആഗസ്റ്റ് ഒന്ന്, ര്, മൂന്ന് തീയതികളിൽ തിരുവനന്തപുരം കേരള പബ്ലിക് സർവീസ് കമ്മീഷൻ ആസ്ഥാന ഓഫീസിൽ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അഡ്മിഷൻ ടിക്കറ്റുമായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ നിശ്ചിത സ്ഥലത്ത് ഇൻറർവ്യൂവിന് ഹാജരാകണമെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസർ അറിയിച്ചു.

# മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുത്

കേരള ലക്ഷദ്വീപ് തീരങ്ങളിൽ പടിഞ്ഞാറുനിന്നും മണിക്കൂറിൽ 35-45 കിലോമീറ്റർ വേഗതയിലും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വേഗതയിലും കാറ്റടിക്കുവാൻ സാധ്യതയു്. വിഴിഞ്ഞം മുതൽ കാസർകോട് വരെ കേരള ലക്ഷദ്വീപ് തീരത്ത് ഉയർന്ന തിരമാലകൾക്കും സാധ്യത ഉ്. കേരള ലക്ഷദ്വീപ് തീരങ്ങളിലും അറബി കടലിന്റെ മധ്യഭാഗം, തെക്ക് പടിഞ്ഞാറ് ഭാഗം, വടക്കു ഭാഗം എന്നിവിടങ്ങളിൽ കടൽ ക്ഷോഭത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ഈ ഭാഗങ്ങളിൽ മീൻപിടിക്കാൻ പോകരുതെന്ന് കാലാവസ്ഥ വകുപ്പ് അറിയിക്കുന്നു.

# സൈബർശ്രീയിൽ മാറ്റ്ലാബ് പരിശീലനം

സി-ഡിറ്റ് സൈബർശ്രീ സെന്ററിൽ മാറ്റ്ലാബ് പരിശീലനത്തിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നാലു മാസത്തെ പരിശീലനത്തിന് ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, കംപ്യൂട്ടർ സയൻസ്, ഐ.ടി., അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നിവയിൽ എഞ്ചിനീയറിംഗ് ബിരുദം, എം.സി.എ, എംഎസ്സി (കമ്പ്യൂട്ടർ സയൻസ് ) പാസായവർക്ക് അപേക്ഷിക്കാം. പ്രായ പരിധി 20-26. തിരുവനന്തപുരത്തു നൽകുന്ന പരിശീലനത്തിന് പങ്കെടുക്കുവർക്ക് പ്രതിമാസം 5000 രൂപ സ്റ്റൈപന്റ് ലഭിക്കും. വിശദവിവരങ്ങളും അപേക്ഷാഫോറവും www.cybersri.org എന്ന വെബ്സൈറ്റിൽ ലഭിക്കും. വിദ്യാഭ്യാസ യോഗ്യത, വയസ്, ജാതി എന്നിവ തെളിയിക്കുന്നതിനുള്ള ശരി പകർപ്പും പൂരിപ്പിച്ച അപേക്ഷയും ഈ മാസം 25നകം സൈബർശ്രീ സെന്റർ, സി-ഡിറ്റ്, പൂർണ്ണിമ, ടി.സി 81/2964, തൈക്കാട് പി.ഒ., തിരുവനന്തപുരം-695014 എന്ന വിലാസത്തിൽ ലഭിക്കണം. പൂരിപ്പിച്ച അപേക്ഷയും മറ്റ് രേഖകളും cybersritraining@gmail.com എന്ന വിലാസത്തിലേക്ക് ഇ-മെയിൽ അയക്കാം. ഫോൺ: 04712323949

# ഇറച്ചിക്കോഴി വളർത്തലിൽ പരിശീലനം

മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മലമ്പുഴ ഐ.ടി.ഐ ക്ക് സമീപമുള്ള മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നാളെ(19) മുതൽ 21 വരെ ഇറച്ചിക്കോഴി വളർത്തലിൽ സൗജന്യ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യ മുള്ളവർ നേരിട്ടോ ഫോൺ മുഖേനയോ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. പേര് രജിസ്റ്റർ ചെയ്തവർ ആധാർനമ്പറുമായി 19 ന് രാവിലെ 10നകം മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ എത്തണം. ഫോൺ: 0491 – 2815454, 8281777080

# ജില്ലാ വികസന സമിതിയോഗം 28ന്

ജില്ലാ വികസന സമിതിയോഗം കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ഈ മാസം 28ന് രാവിലെ 11 ന് ചേരും.

# രജിസ്ട്രേഷൻ ആരംഭിച്ചു

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സാക്ഷരതാമിഷൻ നടത്തുന്ന പത്താംതരം തുല്യത, 13-ാം ബാച്ചിന്റെയും പ്ലസ് വൺ തുല്യത, മൂന്നാം ബാച്ചിന്റെയും രജിസ്ട്രേഷൻ ആരംഭിച്ചു. ഏഴാംതരം വിജ

(തുടരും)

യിച്ചവർക്കും, ഔപചാരിക തലത്തിലുള്ള ഏഴാംതരം വിജയിച്ചവർക്കും, 8, 9, 10 ക്ലാസുകളിൽ നിന്നും കൊഴിഞ്ഞുപോയവർക്കും, 17 വയസ് പൂർത്തിയായവർക്കും, പത്താം ക്ലാസ് തുല്യതയ്ക്ക് അപേക്ഷിക്കാം. 22 വയസ് പൂർത്തിയായവർക്കും, പത്താംതരം തുല്യത ഔപചാരിക തലത്തിൽ പത്താംതരം വിജയിച്ചവർക്കും പ്ലസ് വണ്ണിന് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് ഫോൺ: 9544090169.

## ഫാം അസിസ്റ്റന്റ് ഒഴിവ്

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഫാം അസിസ്റ്റന്റ് (വെറ്റിനറി) തസ്തികയിലേക്ക് ര് ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിനായി ഈ മാസം 28 ന് രാവിലെ 10 മണിക്ക് കൂടിക്കാഴ്ച നടത്തും. വൊക്കേഷണൽ ഹയർ സെക്കൻഡറി (ആനിമൽ ഹസ്ബന്ററി) / തത്തുല്യ യോഗ്യത, അംഗീകൃത സ്ഥാപനത്തിൽ നിന്ന് ആനിമൽ ഹസ്ബന്ററിയിൽ കുറഞ്ഞത് ആറ് മാസത്തെ ട്രെയിനിംഗ്/ഡിപ്ലോമ, മൃഗസംരക്ഷണം, കൃത്രിമ ബീജസങ്കലനം എന്നിവയിൽ അറിവ് തുടങ്ങിയ യോഗ്യതയുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം പിലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0467-2260632

## ഇ ടെ ർ ക്ഷ ണി ച്ചു

കാസർകോട് ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തെ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സിവിൽ &ഇലക്ട്രക്കൽ പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകൃത കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവച്ച ടെറുകൾ, ഇ-ടെറുകൾ സ്പീഡ്/രജിസ്റ്റേഡ് തപാൽ വഴി ക്ഷണിച്ചു. ഇ-ടെറുകൾ ഓൺലൈനായി സമർപ്പിക്കേ അവസാനതീയതി ഈ മാസം 27. ഒറിജിനൽ പ്രമാണങ്ങൾ സ്പീഡ്/രജിസ്റ്റേഡ് തപാൽ വഴി ലഭിക്കേ അവസാന തീയതി ആഗസ്റ്റ് ഒന്ന് ഉച്ചയ്ക്ക് ഒരു മണി. ടെർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് ഒന്ന് ഉച്ചയ്ക്ക് ഒരു മണി. വിശദവിവരങ്ങൾ എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും അറിയാം.

## ശുചിത്വഗ്രാമം പരിപാടിക്ക് തുടക്കമായി

ചെമ്മനാട് ഗ്രാമ പഞ്ചായത്ത് നാലാം വാർഡ് കുടുംബശ്രീ യൂണിറ്റുകളും പരവനടുക്കം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ നാഷണൽ സർവീസ് സ്കീം യൂണിറ്റും പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറച്ചു പരിസ്ഥിതി സംരക്ഷണത്തിനായി കൈ കോർത്തു. വാർഡ് മെമ്പർരേണുക ഭാസ്കർ പരിപാടി ഉദ്ഘാടനം ചെയ്തു. ബേണൂർ ഭഗത്സിങ് ക്ളബിൽ സിഡിഎസ് വൈസ് ചെയർപേഴ്സൺ രമ അധ്യക്ഷത വഹിച്ചു. എം ആർ എസ് അധ്യാപകൻ ശ്യാം കുമാർ വിഷയ അവതരണം നടത്തി.എൻ എസ് എസ് വോളന്റീർ അശ്വന, കുടുംബശ്രീ മെമ്പർ ശ്യാമള, ക്ളബ് ഭാരവാഹി നവീൻ തുടങ്ങിയവർ സംസാരിച്ചു. വോളന്റീർമാർ പരിസ്ഥിതി ഗാനവും പ്ലാസ്റ്റിക് സന്ദേശം ഉൾകൊള്ളുന്ന ലഘു നാടകവും അവതരിപ്പിച്ചു.

പ്ലാസ്റ്റിക് മുക്ത ശിചിത്വ ഗ്രാമം പരിപാടിയുടെ ഭാഗമായി വാർഡ് തലത്തിൽ രൂപീകരിച്ച ഹരിതകർമ സേനയ്ക്ക് എൻ എസ് എസ് വോളന്റീർമാർ പിന്തുണ അറിയിച്ചു. കുടുംബശ്രീ അംഗങ്ങളായ കാർത്യായനി അമ്മ, ലക്ഷ്മി അമ്മ തുടങ്ങിയവർ വോളന്റീർമാരോടൊപ്പം പാട്ടുകൾ പാടി. എം ആർ എസ് അധ്യാപകരായ സന്ധ്യ, രതീഷ്, സാനിയ ,തമീം ,ഹരിശ്രീ ,നീതു ,തുടങ്ങിയവർ നേതൃത്വം നൽകി. എ ഡി എസ് ചെയർപേഴ്സൺ നിർമല സ്വാഗതം എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഭാവന നന്ദിയും പറഞ്ഞു.

## അംഗപരിമിത ക്ഷേമ മേഖല: സംഘടനകളുടെ വിശദാംശം ശേഖരിക്കുന്നു

അംഗപരിമിത ക്ഷേമ മേഖലയിൽ ജില്ലയിൽ പ്രവർത്തിക്കു സംഘടനകളുടെ വിശദാംശം ജില്ലാ സാമൂഹ്യനീതി വകുപ്പ് മുഖേന ശേഖരിക്കുന്നു. ജില്ലയിൽ പ്രവർത്തിച്ചുവരുന്ന സംഘടനകൾ നിശ്ചിത പ്രൊഫോർമയിൽ ആവശ്യമായ വിശദാംശം ഈ മാസം 21നകം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ഹാജരാക്ക

(തുടരും)

ണമെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസര്‍ അറിയിച്ചു. കൂടുതല്‍ വിവരങ്ങള്‍ വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in ലഭ്യമാകും.

## 'സ്വാശ്രയ' ധനസഹായം

'സ്വാശ്രയ' പദ്ധതി പ്രകാരം തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ സംരക്ഷിക്കേി വരുന്ന ബി.പി.എല്‍ കുടുംബങ്ങളിലെ മാതാവിന്/രക്ഷിതാവിന് (സ്ത്രീ ആയിരിക്കണം) സ്വയം തൊഴിലാരംഭി ക്കുന്നതിനായി ഒറ്റത്തവണ ധനസഹായമായി 35,000 രൂപ സാമൂഹ്യനീതി വകുപ്പ് മുഖേന അനുവദിക്കുന്നു. അര്‍ഹരായവര്‍ ഈ മാസം 31നകം അപേക്ഷ സമര്‍പ്പിക്കണം.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അപേക്ഷാ ഫോറം, വിശദാംശങ്ങള്‍ എന്നിവ ലഭ്യമാക്കുന്നതിന് സി വില്‍ സ്റ്റേഷനറില്‍ പ്രവര്‍ത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസുമായി ബന്ധപ്പെടമെന്ന് ജില്ലാ സാമൂഹ്യനീ തി ഓഫീസര്‍ അറിയിച്ചു. ഫോണ്‍: 04994 255074

## മ്യൂറല്‍ പെയ്ന്റിംഗ് സീറ്റ് ഒഴിവ്

തിങ്കളാഴ്ച ആരംഭിക്കാന്‍ പോകുന്ന മ്യൂറല്‍ പെയ്ന്റിംഗ് കോഴ്സിലേക്ക് ഏതാനും സീറ്റ് ഒഴിവുകള്‍ ഉ്. താല്പര്യം ഉള്ളവര്‍ വെള്ളിക്കോത്ത് ഇന്‍സ്റ്റിട്യൂട്ടുമായി ബന്ധപ്പെടുക. ഫോണ്‍: 0467 2268240, 9809952778.

## റാങ്ക് ലിസ്റ്റ്

എല്‍ഡി ക്ലര്‍ക്ക് തസ്തികയുടെ (കന്നഡയും മലയാളവും അറിയാവുന്നവര്‍) എന്‍സിഎ-എസ്ഐയു സി-എന്‍ കാറ്റഗറി നമ്പര്‍ 290/2013) നില്‍ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസില്‍ പരിശോധനയ്ക്ക് ലഭിക്കും. എല്‍ഡി ക്ലര്‍ക്ക് വിവിധം (കാറ്റഗറി നമ്പര്‍ 445/2013, കന്നഡയും മലയാളവും അറിയാവുന്നവര്‍) എന്‍സിഎ മുസ്ലിം തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

## പാലിയേറ്റീവ് കെയര്‍ ട്രെയിനിംഗ്: കൂടിക്കാഴ്ച 20ന്

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയില്‍ പ്രവര്‍ത്തിക്കുന്ന പാലിയേറ്റീവ് കെയര്‍ ട്രെയിനിംഗ് സെന്ററില്‍ സ്റ്റാഫ് നഴ്സുമാര്‍ക്കുള്ള പാലിയേറ്റീവ് കെയര്‍ ട്രെയിനിംഗ്(ബേസിക് സര്‍ട്ടിഫിക്കറ്റ് കോഴ്സ് ഇന്‍ പാലിയേറ്റീവ് നഴ്സിംഗ് -ബിസിസിപിഎന്‍)ആരംഭിക്കുന്നു.

യോഗ്യത: പ്ലസ് ടു, ജിഎന്‍എം/ബിഎസ്സി നഴ്സിംഗ് ആന്റ് കേരള രജിസ്ട്രേഷന്‍). കേരള നഴ്സിംഗ് കൗണ്‍സില്‍ രജിസ്ട്രേഷനും ആവശ്യമാണ്.താല്‍പര്യമുള്ളവര്‍ ഈ മാസം 20 ന് രാവിലെ 11 ജില്ലാ ആശുപത്രിയില്‍ നടത്തുന്ന അഭിമുഖത്തില്‍ അസല്‍ സര്‍ട്ടിഫിക്കറ്റ് സഹിതം ഹാജരാകുക. ഫോണ്‍: 8943630409

## തൊഴില്‍ രഹിത വേതനം

മടിക്കൈ ഗ്രാമ പഞ്ചായത്തില്‍ നിന്നും 2017 ആഗസ്റ്റ് മുതല്‍ 2018 മാര്‍ച്ച് വരെയുള്ള തൊഴില്‍ രഹിത വേതനം ഈ മാസം 23, 24 തീയതികളില്‍ രാവിലെ 11 മുതല്‍ മൂന്നുവരെ പഞ്ചായത്ത് ഓഫീസില്‍ വിതരണം ചെയ്യും. തൊഴില്‍ രഹിതവേതനം കൈപ്പറ്റിക്കൊരിക്കുന്ന ഗുണഭോക്താക്കള്‍ ആധാര്‍ കാര്‍ഡ്, എംപ്ലോയ്മെന്റ് കാര്‍ഡ്, എസ്.എസ്.എല്‍.സി ബുക്ക്, റേഷന്‍കാര്‍ഡ്, വില്ലേജ് ഓഫീസറുടെ വരുമാന സര്‍ട്ടിഫിക്കറ്റ് (വാര്‍ഷിക വരുമാനം 12000 രൂപയില്‍ കവിയരുത്) എന്നിവ സഹിതം നേരിട്ട് ഹാജരാകണമെന്നും, തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റര്‍ ചെയ്ത വ്യക്തികള്‍ തൊഴില്‍രഹിത വേതനത്തിന് അര്‍ഹരായെന്നും സെക്രട്ടറി അറിയിച്ചു.

## ജൈവവള നിര്‍മ്മാണത്തിന് ധനസഹായം

കാസര്‍കോട് മുനിസിപ്പല്‍ പരിധിയില്‍ 2500 രൂപ ധനസഹായത്തോടുകൂടി ജൈവവള നിര്‍മ്മാണ യുണിറ്റ് നിര്‍മ്മിക്കുവാന്‍ താല്‍പര്യമുള്ള നാളെ(19) രാവിലെ 10ന് കൃഷിഭവനില്‍ ഹാജരാകണമെന്ന് കൃഷിഫീല്‍ഡ് ഓഫീസര്‍ അറിയിച്ചു. കൃഷിയിടത്തിലെയും വീട്ടിലെയും മാലിന്യസംസ്ക്കരണം എന്ന വിഷയത്തില്‍ ക്ലാസും നാളെയുായിരിക്കും.

(തുടരും)

# ലൈസൻസ് പുതുക്കണം

പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത് പരിധിയിൽ കച്ചവടം നടത്തുന്ന മുഴുവൻ വ്യാപാരികളും 2018-19 വർഷത്തേക്കുള്ള ലൈസൻസ് ജുലൈ 31 നകം പുതുക്കേതാണെന്നും അല്ലാത്ത പക്ഷം ആയിരം രൂപ പിഴ ചുമത്തുന്നതും മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

# ആർട്ടിസാനുകൾക്ക് വായ്പ നൽകുന്നു

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്ക്കോ) വായ്പ നൽകുന്നു. മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപണി, വെങ്കല/ചെമ്പുപണി, കൽപ്പണി (മേസണറി), മൺപാത്ര നിർമ്മാണം, ചെരുപ്പ് ഉത്പാദനം, തുകൽ ഉൽപ്പന്ന നിർമ്മാണം തുടങ്ങിയ തൊഴിൽ ഉൾപ്പെടെയുള്ള ആർട്ടിസാൻസുകൾക്കാണ് വായ്പ നൽകുന്നത്.

പിന്നോക്ക സമുദായത്തിൽപ്പെടുന്ന മേൽപറഞ്ഞ തൊഴിലാളകളിലൊ അവയുടെ അനുബന്ധ വിഭാഗങ്ങളിലോ തൊഴിലെടുക്കുന്ന ആർട്ടിസാൻമാർക്ക്/വനിതകൾക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിന്/നിലവിലുള്ള തൊഴിൽ സ്ഥാപനത്തിന്റെ വികസനത്തിനുമായി ദേശീയ പിന്നോക്ക വികസന വിഭാഗ കോർപറേഷന്റെ ധന സഹായത്തോടെ 18 നും 50 വയസിനും ഇടയിൽ പ്രായമുള്ള വനിതകൾ ഉൾപ്പെടെയുള്ള ആർട്ടിസാൻമാർക്ക് 50,000 രൂപ മുതൽ 5 ലക്ഷം രൂപ വരെയുള്ള വായ്പ ഉദ്യോഗസ്ഥ/വസ്തുജാമ്യത്തിൽ നൽകും.

കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് വലിയങ്ങാടിയിൽ സിൻഡിക്കേറ്റ് ബാങ്കിന്റെ എതിർ വശത്തുള്ള കാഡ്ക്കോ യുടെ മേഖല ഓഫീസിൽ നിന്നും അറിയാം. ഫോൺ: 0495-2365254.

# ക്വട്ടേഷൻ ക്ഷണിച്ചു

ലൈഫ് മിഷൻ ജില്ലാ ഓഫീസിലേക്ക് ലാപ്ടോപ്, പ്രിന്റർ എന്നിവ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. അപേക്ഷകൾ ഈ മാസം 31ന് ഉച്ചകഴിഞ്ഞ് മൂന്നിനകം ജില്ലാ കോ ഓർഡിനേറ്റർ, ലൈഫ് മിഷൻ, കാസർകോട് എന്ന വിലാസത്തിൽ ലഭിക്കണം.

# വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 2018-19 അധ്യയന വർഷം വിവിധ വിഷയങ്ങളിൽ പ്ലസ് വൺ മുതൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി വരെയുള്ള (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ) ഏതെങ്കിലും കോഴ്സുകളിൽ ചേർന്ന തൊഴിലാളികളുടെ മക്കൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. നിലവിൽ നൽകികൊിരിക്കുന്ന കോഴ്സുകൾക്കുള്ള സ്കോളർഷിപ്പുകൾക്ക് പുറമേ ഈ അധ്യയന വർഷം മുതൽ ബി.ആർക്ക്, ഡി.എം.എൽ.ടി, ഫാം.ഡി, എം.എച്ച്.ആർ.എം, ഡി.ഫാം, മാസ്റ്റർ ഡിഗ്രി മുതൽ ഇൻ ലൈബ്രറി സയൻസ്, ഡിപ്ലോമ ഇൻ ജേർണലിസം, പി,ജി,ഡി.സി.എ, ബാച്ചിലർ ഓഫ് വൊക്കേഷൻ, എം.സി.എ, ബി.എസ്.സി, എം.എൽ.ടി എന്നീ കോഴ്സുകൾ കൂടി ഉൾപ്പെടുത്തിയിട്ടു്.

സ്കോളർഷിപ്പിനുള്ള അപേക്ഷ ഫോറവും, ഇപ്പോൾ പഠിക്കുന്ന സ്ഥാപനത്തിലെ സാക്ഷ്യപ്പെടുത്തേ സർട്ടിഫിക്കറ്റും കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടിവ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കും. അപേക്ഷ ഫോറങ്ങളും വിശദവിവരങ്ങളും peedika.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ ഓഫീസിൽ സെപ്തംബർ 30 നകം ലഭിക്കണം. ഫോൺ: 04994-255110.

(അവസാനിച്ചു)